# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1064 12.06.2014 -ലെ മറുപടിയ്ക്ക്.**

**പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളോ സ്കൂളുകളിൽ അധിക ബാച്ചുകളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ), (ബി), & (സി) | സംസ്ഥാനത്ത് ഇപ്പോൾ പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കേണ്ടെന്ന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. 24/05/2014-ലെ സ.ഉ.(കൈ.) നം.86/14/പൊവി പ്രകാരം സംസ്ഥാനത്ത് പുതുതായി അധിക ഹയർ സെക്കന്ററിബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) | ഏതൊക്കെ സ്കൂളുകളിലാണ് അധിക ബാച്ച് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | | |
| (ഡി) | പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ സ്വീകരിച്ചിട്ടും പുതിയ ബാച്ചുകൾ ആരംഭിക്കാത്തത് ഹയർ സെക്കണ്ടറി മേഖലയിൽ അനിശ്ചിതത്വമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഇ) | ഉത്തരം (ഡി) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ